ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) റഷ്യ- യുക്രെയ്ൻ സമാധാന ശ്രമങ്ങളിൽ സജീവ പങ്ക് വഹിക്കാൻ ഇന്ത്യ തയ്യാറാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുക്രെയ്നുമായി നാലു ധാരണാപത്രങ്ങളിൽ പ്രധാനമന്ത്രി ഒപ്പുവച്ചു.

   Prime Minister Narendra Modi has said that India is ready to play an active role in Russia-Ukraine peace efforts. Prime Minister signed four MoUs with Ukraine.

2) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.

   Prime Minister Narendra Modi's monthly radio talk show Mann Ki Baat tomorrow.

3) രാഷ്ട്ര നിർമാണത്തിൽ M S M E കൾ നൽകുന്ന സംഭാവന വലുതാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

   Union Minister Piyush Goyal said that the contribution of MSMEs in nation building is huge.

4) ഇന്ത്യയുടെ ആദ്യത്തെ പുനരുപയോഗ ശേഷിയുള്ള ഹൈബ്രിഡ് റോക്കറ്റ്, റൂമി-1 ചെന്നൈയിൽ നിന്ന് വിക്ഷേപിച്ചു.

   India's first reusable hybrid rocket, Rumi-1 was Launched from Chennai.

5) രാജ്യത്തെ എല്ലാ കൽക്കരി ഖനികളിലും 100 ശതമാനം സുരക്ഷാ ഓഡിറ്റ് നടത്താൻ കൽക്കരി മന്ത്രാലയത്തിൻറെ നിർദേശം.

**Ministry of Coal's directive to conduct 100% safety audit in all coal mines in the country.**

6) **വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്ക് വേണ്ടിയുള്ള തിരച്ചിൽ നാളെ പുനരാരംഭിക്കും.**

**The search for those missing in the Wayanad Mundakai landslide will resume tomorrow.**

=============================================================

## PRIME MINISTER – UKRAINE

പോളണ്ട്, യുക്രെയ്ൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി. സന്ദർശന വേളയിൽ യുക്രെയ്നുമായി നാലു ധാരണാപത്രങ്ങളിലും പ്രധാനമന്ത്രി ഒപ്പുവച്ചു. കീവിൽ യുക്രൈൻ പ്രസിഡന്റ് വോളോഡിമിർ സെലെൻസ്കിയുമായി ശ്രീ നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി. യുക്രെയ്നിലെയും പശ്ചിമേഷ്യയിലെയും സംഘർഷങ്ങൾ ഉൾപ്പെടെ പരസ്പര താൽപ്പര്യമുള്ള സുപ്രധാന പ്രാദേശിക, ആഗോള വിഷയങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്തു. റഷ്യ- യുക്രെയ്ൻ സംഘർഷം പരിഹരിക്കാൻ ഇരു രാജ്യങ്ങളോടും ആവശ്യപ്പെട്ട ശ്രീ നരേന്ദ്രമോദി സമാധാന ശ്രമങ്ങളിൽ സജീവ പങ്ക് വഹിക്കാൻ ഇന്ത്യ തയ്യാറാണെന്ന് ഉറപ്പു നൽകി. സന്ദർശനത്തിന്റെ ആദ്യ പാദത്തിൽ പോളണ്ടിലെത്തിയ അദ്ദേഹം പോളിഷ് പ്രധാനമന്ത്രി ഡൊണാൾഡ് ടസ്കുമായി വാഴ്സോയിൽ ഉഭയകക്ഷി ചർച്ച നടത്തിയിരുന്നു. പോളണ്ട് - ഇന്ത്യ ബന്ധം, തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്താൻ ഇരു നേതാക്കളും തീരുമാനിച്ചു. ഉഭയകക്ഷി, പ്രാദേശിക, അന്തർദേശീയ മേഖലകളിലെ സഹകരണം ആഴത്തിലാക്കാനുള്ള പ്രതിബദ്ധതയും നേതാക്കൾ ആവർത്തിച്ചു.

=============================================================

## PM – MAHARSHTRA – RAJASTHAN (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാരാഷ്ട്രയും രാജസ്ഥാനും സന്ദർശിക്കും. രാവിലെ മഹാരാഷ്ട്രയിൽ ലഖ്പതി ദീദി സമ്മേളനത്തിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി വൈകുന്നേരം ജോധ്പൂരിൽ രാജസ്ഥാൻ ഹൈക്കോടതിയുടെ പ്ലാറ്റിനം ജൂബിലി

ആഘോഷങ്ങളുടെ സമാപന ചടങ്ങിൽ മുഖ്യാതിഥിയാകും. **വിശദാംശങ്ങളിലേക്ക്..**

**(വോയ്സ്)**

മഹാരാഷ്ട്രയിലെ ജൽഗാവിൽ രാവിലെ ലഖ്പതി ദീദി സമ്മേളനത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും. 11 ലക്ഷം പുതിയ ലഖ്പതി ദീദികൾക്ക് അദ്ദേഹം സർട്ടിഫിക്കറ്റുകൾ നൽകുകയും ആദരിക്കുകയും ചെയ്യും. തുടർന്ന് രാജ്യത്തുടനീളമുള്ള ലഖ്പതി ദീദികളുമായി ശ്രീ. നരേന്ദ്രമോദി ആശയവിനിമയം നടത്തും. 4.3 ലക്ഷം സ്വയം സഹായ സംഘങ്ങളിലെ 48 ലക്ഷം അംഗങ്ങൾക്ക് പ്രയോജനപ്പെടുന്ന 2,500 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് വിതരണം ചടങ്ങിൽ പ്രധാനമന്ത്രി നിർവഹിക്കും. 2.35 ലക്ഷം സ്വയംസഹായ സംഘങ്ങളിലെ 25.8 ലക്ഷം അംഗങ്ങൾക്ക് പ്രയോജനപ്പെടുന്ന 5,000 കോടി രൂപയുടെ ബാങ്ക് വായ്പയും അദ്ദേഹം വിതരണം ചെയ്യും. വൈകിട്ട് ജോധ്പൂരിലെ ഹൈക്കോടതി കാമ്പസിൽ നടക്കുന്ന രാജസ്ഥാൻ ഹൈക്കോടതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിനെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. രാജസ്ഥാൻ ഹൈക്കോടതി മ്യൂസിയവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

==========================================================

**AMITSHAH**

2026 ഓടെ നക്സൽ തീവ്രവാദം രാജ്യത്ത് നിന്ന് തുടച്ചുനീക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ. ഛത്തീസ്ഗഢിൽ 2014-ന് ശേഷം നക്സൽ തീവ്രവാദി ആക്രമണങ്ങളിൽ 53 ശതമാനത്തോളം കുറവുണ്ടായതായി അദ്ദേഹം പറഞ്ഞു. റായ്പൂരിൽ നടന്ന നക്സൽ ബാധിത സംസ്ഥാനങ്ങളുടെ ഏകോപനയോഗത്തിന് ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ശ്രീ. അമിത് ഷാ. ഛത്തീസ്ഗഢിലെ വികസനത്തിന് കേന്ദ്രഗവൺമെൻറ് പ്രതിജ്ഞാ ബദ്ധമാണെന്നും അദ്ദേഹം. പറഞ്ഞു. ഛത്തീസ്ഗഢ് ഉൾപ്പെടെ ഏഴ് നക്സൽ ബാധിത സംസ്ഥാനങ്ങളിൽ നിന്നുള്ള ചീഫ് സെക്രട്ടറിമാരും പോലീസ് മേധാവിമാരും യോഗത്തിൽ പങ്കെടുത്തു.

==========================================================

## GOYAL - MSME EXPO

രാഷ്ട്ര നിർമാണത്തിൽ M.S.M.E കൾ നൽകുന്ന സംഭാവന വലുതാണെന്ന് കേന്ദ്ര വാണിജ്യ - വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ പത്താമത് ഇന്ത്യ ഇന്റർനാഷണൽ M.S.M.E സ്റ്റാർട്ടപ്പ് എക്സ്പോയെയും ഉച്ചകോടിയെയും അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വൻകിട വ്യവസായങ്ങൾക്ക് സുപ്രധാന വിതരണ ശൃംഖലയും ദശലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ദാതാവുമാണ് M.S.M.E കൾ എന്ന് പിയൂഷ് ഗോയൽ പറഞ്ഞു. രാജ്യത്തെ വിനോദസഞ്ചാരത്തിലും അടിസ്ഥാന സൗകര്യ വികസനത്തിലും കയറ്റുമതിയിലും എം എസ്എം ഇ കൾ പ്രധാന പങ്ക് വഹിക്കുന്നുവെന്നും ശ്രി. ഗോയൽ ചൂണ്ടിക്കാട്ടി.

===========================================================

## COAL SECRETARY-SAFETY

രാജ്യത്തെ എല്ലാ കൽക്കരി ഖനികളിലും 100 ശതമാനം സുരക്ഷാ ഓഡിറ്റ് നടത്തണമെന്നും അപകടരഹിതവും സമ്പൂർണമായി സുരക്ഷിതവുമായ ഖനികൾ എന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും കൽക്കരി മന്ത്രാലയ സെക്രട്ടറി അമൃത് ലാൽ മീണ. ഇന്നലെ ന്യൂഡൽഹിയിൽ കൽക്കരി കമ്പനികളുടെ സുരക്ഷാ സ്ഥിതി വിലയിരുത്തുന്നതിനായി കോൾ ഇന്ത്യ ലിമിറ്റഡ് ചെയർമാനുമായും കമ്പനി പ്രതിനിധികളുമായും ശ്രീ മീണ അവലോകന യോഗം നടത്തി. ദേശീയ കൽക്കരി ഖനി സുരക്ഷാ റിപ്പോർട്ട് പോർട്ടലിന്റെ വികസന പുരോഗതിയും അദ്ദേഹം വിലയിരുത്തി.

===========================================================

## MAHA-SONOWAL SEAFARERS

നാവികരുടെ സുരക്ഷ, ക്ഷേമം എന്നിവ ശക്തിപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, മന്ത്രി സർബാനന്ദ സോനോവാൾ. ഇന്നലെ മഹാരാഷ്ട്രയിലെ പൊവായിൽ മാരിടൈം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ മുതിർന്ന ഉദ്യോഗസ്ഥരെയും യുവ കേഡറ്റുകളേയും അഭിസംബോധന

ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്തെ മികച്ച 10 നാവിക രാജ്യങ്ങളിൽ ഒന്നായി ഇന്ത്യയെ മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

==========================================================

## CHENNAI-RHUMI-1 LAUNCHED

ഇന്ത്യയുടെ ആദ്യത്തെ പുനരുപയോഗ ശേഷിയുള്ള ഹൈബ്രിഡ് റോക്കറ്റ്, റൂമി-1 ഇന്ന് ചെന്നൈയിൽ നിന്ന് വിക്ഷേപിച്ചു. മാർട്ടിൻ ഗ്രൂപ്പുമായി സഹകരിച്ച് സ്പേസ് സോൺ ഇന്ത്യയാണ് വിക്ഷേപണം നടത്തിയത്. 50 പിക്കോ സാറ്റലൈറ്റുകളും മൂന്ന് ക്യൂബ് സാറ്റലൈറ്റുകളും ഈ റോക്കറ്റിൽ ഉണ്ടായിരുന്നു. ഏകദേശം 35 കിലോമീറ്റർ ഉയരത്തിൽ എത്തിയ ഈ സൗണ്ടിംഗ് റോക്കറ്റ് സെക്കൻഡുകൾക്കുള്ളിൽ നിരവധി പരീക്ഷണങ്ങൾ നടത്തി ഭൂമിയിലേക്ക് തിരിച്ചെത്തി. ദ്രവ, ഖര ഇന്ധന പ്രൊപ്പല്ലന്റുകൾ ചേർത്താണ് റോക്കറ്റ് വിക്ഷേപിച്ചതെന്ന് പദ്ധതിയ്ക്ക് നേതൃത്വം നൽകിയ ഐഎസ്ആർഒ സ്പേസ് സെന്റർ മുൻ ഡയറക്ടർ ഡോ. മയിൽസ്വാമി അണ്ണാദുരൈ പറഞ്ഞു.

==========================================================

## PM-MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 113 - ആം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും മുഴുവൻ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമായിരിക്കും. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത് പ്രക്ഷേപണം ചെയ്യും.

==========================================================

നേപ്പാളിൽ ബസ് അപകടത്തിൽ മരിച്ച ഇന്ത്യക്കാരുടെ ആശ്രിതർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ധനസഹായം പ്രഖ്യാപിച്ചു. മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതം നൽകും. പരിക്കേറ്റവർക്ക് 50,000 രൂപ നൽകും. ഇന്നലെയുണ്ടായ അപകടത്തിൽ 3 ബസ് ജീവനക്കാർ ഉൾപ്പെടെ 27

ഇന്ത്യക്കാർക്കാണ് ജീവൻ നഷ്ടമായത്. അതേസമയം മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര സഹമന്ത്രി രക്ഷ ഖഡ്സെ കാഠ്മണ്ഡുവിലെത്തിയിട്ടുണ്ട്. ഇന്ത്യൻ അംബാസഡർ നവീൻ ശ്രീവാസ്തവയുമായും നേപ്പാൾ വിദേശകാര്യ മന്ത്രാലയം ജോയിൻ്റ് സെക്രട്ടറി ബ്രിഘു ദുംഗാനയുമായും കേന്ദ്രസഹമന്ത്രി ചർച്ച നടത്തി.

==========================================================

## R G KAR UPDATE

കൊൽക്കത്തയിൽ, വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്തു കൊലപ്പെടുത്തിയ കേസിൽ ആർ ജി കർ മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പൽ സന്ദീപ് ഘോഷ് ഉൾപ്പെടെ ഏഴ് പേരെ സി ബി ഐ നുണ പരിശോധനക്ക് വിധേയമാക്കുന്നു. സംഭവത്തിൽ അറസ്റ്റിലായ സഞ്ജയ് റായ്, മരിച്ച ഡോക്ടർക്കൊപ്പം സംഭവത്തിന് തൊട്ടു മുമ്പ് ഉണ്ടായിരുന്ന നാല് ഡോക്ടർമാർ കൊൽക്കത്ത പോലീസിലെ രണ്ട് സിവിൽ വോളണ്ടിയർമാർ എന്നിവരുടെ നുണ പരിശോധനയാണ് നടന്നുവരുന്നത്. അതിനിടെ, കൽക്കട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രത്യേക അന്വേഷണ സംഘം കേസ് രേഖകൾ ഇന്നലെ സിബിഐക്ക് കൈമാറി.

==========================================================

## WAYANADU

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്ക് വേണ്ടിയുള്ള തിരച്ചിൽ പുനരാരംഭിക്കുന്നു. റിപ്പൺ ആനടിക്കാപ്പ് മുതൽ ചാലിയാർ വരെയുള്ള ഭാഗത്ത് നാളെ പ്രത്യേക സംഘം തിരച്ചിൽ നടത്തും. രാവിലെ ആറുമണി മുതൽ വൈകിട്ട് 3.30 വരെയാണ് തിരച്ചിൽ നടക്കുക. ഉരുൾപൊട്ടൽ ബാധിത പ്രദേശത്തെ സ്കൂളുകൾ സെപ്റ്റംബർ 2 ന് തുറക്കുമെന്ന് മന്ത്രി കെ രാജൻ അറിയിച്ചു. ഉരുൾപൊട്ടൽ സംബന്ധിച്ച്, കേന്ദ്രത്തിന് ഈമാസം 18 ന് വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചതായും മന്ത്രി പറഞ്ഞു.

==========================================================

## SAJI CHERIAN

ഹേമ കമ്മീഷൻ റിപ്പോർട്ട് പുറത്തു വന്നതിനു പിന്നാലെ, സംവിധായകൻ രഞ്ജിത്തിനെതിരെ ബംഗാളി അഭിനേത്രി നടത്തിയ ആരോപണത്തിൻറെ വസ്തുത പരിശോധിക്കേണ്ടതുണ്ടെന്ന് മന്ത്രി സജി ചെറിയാൻ. സർക്കാർ ഇരക്കൊപ്പമാണെന്നും പരാതി തരുന്ന മുറയ്ക്ക് അന്വേഷിക്കുമെന്നും അദ്ദേഹം പറഞ്ഞു. മാധ്യമങ്ങളിലൂടെ ഉന്നയിച്ച മൊഴിയിൽ കേസെടുക്കാൻ കഴിയില്ലെന്നും മന്ത്രി വ്യക്തമാക്കി. ആരോപണത്തിൻറെ പശ്ചാത്തലത്തിൽ ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത് സ്ഥാനമൊഴിയണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ആവശ്യപ്പെട്ടു. ഹേമ കമ്മിറ്റി റിപ്പോർട്ട് പൂഴ്ത്തിവയ്ക്കാൻ സർക്കാർ കൂട്ടു നിന്നതായും അദ്ദേഹം ആരോപിച്ചു.

==========================================================

## DHAWAN RETIREMENT

അന്താരാഷ്ട്ര, ആഭ്യന്തര ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച് ശിഖർ ധവാൻ. ആരാധകരുടെ സ്നേഹത്തിനും പിന്തുണയ്ക്കും നന്ദി പറയുന്നതായി ധവാൻ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. 2022 ഡിസംബറിൽ ബംഗ്ലാദേശിനെതിരായ ഏകദിന പരമ്പരയിലാണ് ധവാൻ അവസാനമായി ഇന്ത്യക്കായി കളിച്ചത്. 2010 മുതൽ 2022 വരെ 34 ടെസ്റ്റുകളിലും 167 ഏകദിനങ്ങളിലും 68 ടി20 മാച്ചുകളിലും ശിഖർ ധവാൻ ഇന്ത്യൻ ടീമിൽ ഉണ്ടായിരുന്നു.

==========================================================

## BRAZIL FM-INDIA VISIT

ബ്രസീൽ വിദേശകാര്യ മന്ത്രി മൗറോ വിയേര നാല് ദിവസത്തെ സന്ദർശനത്തിനായി നാളെ ന്യൂഡൽഹിയിലെത്തും. ചൊവ്വാഴ്ച നടക്കുന്ന ഒമ്പതാമത് ഇന്ത്യ-ബ്രസീൽ സംയുക്ത കമ്മീഷൻ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. ജി 20 തീരുമാനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ കഴിഞ്ഞ വർഷം അധ്യക്ഷ സ്ഥാനത്തുണ്ടായിരുന്ന ഇന്ത്യയിൽ നിന്നും അഭിപ്രായങ്ങൾ സ്വീകരിക്കാനും കൂടിക്കാഴ്ച സഹായകരമാകും. ഈ വർഷം ജി 20 ഉച്ചകോടിയ്ക്ക് അധ്യക്ഷ സ്ഥാനം വഹിക്കുന്നത് ബ്രസീൽ ആണ് .

==========================================================

## US - INDIA ANTI-SUBMARINE

ഇന്ത്യക്ക് 52.8 ദശലക്ഷം ഡോളര്‍ ചെലവില്‍ സോണോബോയ് അന്തര്‍വാഹിനി ഉപകരണങ്ങള്‍ ഉള്‍പ്പെടെ പ്രതിരോധ സാമഗ്രികള്‍ വില്‍ക്കുന്നതിന് യു എസ് അംഗീകാരം . ഇത് സംബന്ധിച്ച കരാറിന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്‍റണി ബ്ലിങ്കെന്‍ ഇന്നലെ യുഎസ് കോണ്‍ഗ്രസില്‍ അനുമതി നല്‍കി. അമേരിക്കയുടെ പ്രധാന പ്രതിരോധ പങ്കാളിയായ ഇന്ത്യയുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനും ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനും ഈ കരാര്‍ സഹായിക്കുമെന്ന് യു എസ് ഗവണ്‍മെന്‍റ് വ്യക്തമാക്കി. സീഹോക്ക് ഹെലികോപ്റ്ററുകളില്‍ നിന്നും ഉപയോഗിക്കാവുന്ന പ്രതിരോധ ഉപകരണങ്ങളാണ് ഇന്ത്യക്ക് നല്‍കുക.

================================================================

## SCINDIA - TELECOM

മികച്ച നിലവാരമുള്ള ടെലികോം സേവനങ്ങള്‍ ഉപഭോക്താക്കള്‍ക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാന്‍ കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ ടെലികോം സേവന ദാതാക്കളോട് ആവശ്യപ്പെട്ടു. ന്യൂഡല്‍ഹിയില്‍, ടെലികോം സേവന ദാതാക്കള്‍ക്കായി അടുത്തിടെ രൂപീകരിച്ച സ്റ്റേക്ക്ഹോള്‍ഡേഴ്സ് അഡ്വൈസറി കമ്മിറ്റിയുടെ രണ്ടാമത് യോഗത്തില്‍ സംബന്ധിക്കുകയായിരുന്നു അദ്ദേഹം.

================================================================

======================

======================